(ഇ) മറ്റെന്തൊക്കെ നടപടികളാണ് ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) 11-2-2000-ൽ ആണ് നിയോഗിച്ചത്.

(ബി) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചത്.

(സി) റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ഡി), (ഇ) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2-2-2006-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നടപടി

10. [*10] ശ്രീ. കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ സ്ഥലം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് നൽകി എന്ന് വിശദമാക്കാമോ;

(ബി) ആറളം ഫാം ഉൾപ്പെടെ ഇനി എത്ര ഏക്കർ സ്ഥലമാണ് ഇവർക്ക് നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസികൾക്ക് നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുള്ള സ്ഥലങ്ങൾ കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ?

പട്ടിക സമുദായ ക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) 5902.92 ഏക്കർ.

(ബി) 23618.049 ഏക്കർ.

(സി) സുഗന്ധഗിരി, പുക്കോട്, ചീങ്ങേരി പ്രോജക്ടുകൾ വക ഭൂമി ആദിവാസികൾക്ക് വിതരണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളുടേയും പ്രോജക്ടുകളിലെ ജീവനക്കാരുടേയും വിവിധ തരം തർക്കങ്ങൾമൂലം പ്രോജക്ടുകളിലെ ഭൂമി വിതരണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന 23618.049 ഏക്കറിൽ 19002 ഏക്കർ സ്ഥലം കേന്ദ്ര സർക്കാർ വിട്ടുതരാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുള്ള വനഭൂമിയാണ്. എന്നാൽ ഇതിന് നെറ്റ് പ്രസന്റ് വാല്യൂ നൽകണമെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. ഈ നിബന്ധനയിൽ നിന്നും സംസ്ഥാന സർക്കാരിനെ ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ ബഹു. സുപ്രീം

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

കോടതിയെ സമീപിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ അനുകൂല ഉത്തരവ് ലഭിച്ചാൽ മാത്രമേ പ്രസ്തുത ഭൂമി ആദിവാസികൾക്ക് വിതരണം നടത്താൻ സാധിക്കുകയുള്ളു. ഇതിന് പുറമേ വിതരണത്തിനായി ഏറ്റെടുത്തിട്ടുള്ള ചില ഭൂമികൾ സംബന്ധിച്ച കോടതി കേസ്സുകളും ഭൂമി കൈയേറ്റങ്ങളും ഭൂമി വിതരണത്തിന്റെ കാലതാമസത്തിന് കാരണമാകുന്നുണ്ട്.

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

11. [*11] ശ്രീ. മഞ്ഞളാംകുഴി അലി :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, കെ. വി. കുഞ്ഞിരാമൻ :

,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനകൾ സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ള അടിയന്തിര ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; ഏറ്റവും ഒടുവിൽ ചർച്ച നടത്തിയത് എന്നായിരുന്നു ; എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനം എടുത്തത് ; വിശദാംശം വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമനിക് പ്രസന്റേഷൻ):

(എ) ഉണ്ട്.

(ബി) 1. കുടിവെള്ളം ലഭ്യമാക്കുക.

2. ആരോഗ്യ രക്ഷാനടപടികൾ വിപുലീകരിക്കുക

3. ജനസാന്ദ്രതയ്ക്കാനുപാതികമായി പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുക.

4. കടലാക്രമണംമൂലമുള്ള കെടുതികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. ശുചിത്വ കക്കൂസുകളുടെ നിർമ്മാണം.

6. തീരദേശ റോഡുകളുടെ നിർമ്മാണവും വികസനവും സാദ്ധ്യമാക്കുക.

7. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ശരിപ്പെടുത്തുന്നതിലേക്കാവശ്യമായ നടപടിയെടുക്കുക.

8. വേന നിർമ്മാണ വായ്പകൾ എഴുതിത്തള്ളി പ്രമാണങ്ങൾ തിരികെ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly